# പതിമൂന്നാം കേരള നിയമസഭ

## എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 818 — 20.03.2013 - ൽ മറുപടിക്ക്

## കുടിവെള്ള ക്ഷാമം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. മോൻസ് ജോസഫ്<br>ശ്രീ. സി. എഫ്. തോമസ്<br>ശ്രീ. റ്റി. യു. കുരുവിള<br>ശ്രീ. തോമസ് ഉണ്ണിയാടൻ | പി ജെ. ജോസഫ്<br>(ജലവിഭവ വകുപ്പ് മന്ത്രി) |
| (എ) രൂക്ഷമായ വരൾച്ചാഭീഷണി നേരിടുന്ന സംസ്ഥാനത്ത് കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിന് സ്വീകരിച്ചു വരുന്ന നടപടികൾ എന്തെല്ലാമെന്ന് അറിയിക്കുമോ; | (എ) വേനൽക്കാല ജലശോഷണം കണക്കിലെടുത്ത് കടുത്ത കുടിവെള്ളക്ഷാമം നേരിടുന്ന സ്ഥലങ്ങളിൽ അത് തരണം ചെയ്യുന്നതിനായി ധനലഭ്യതയ്ക്കനുസൃതമായി താഴെപറയുന്ന നടപടികൾ വാട്ടർ അതോറിറ്റി സ്വീകരിച്ചു വരുന്നു.<br>1. ജലസ്രോതസ്സുകളുടെ പുനരുദ്ധാരണം<br>2. കേടായ പമ്പ് സെറ്റുകളുടെ അറ്റകുറ്റപ്പണികൾ<br>3. പമ്പ്സെറ്റുകൾ മാറ്റിവയ്ക്കുന്ന പണികൾ<br>4. വാട്ടർലൈനുകളിലുള്ള ലീക്കുകൾ മാറ്റുക<br>5. സാങ്കേതികമായി സാധ്യമായ സ്ഥലങ്ങളിൽ ജലത്തിന്റെ ലഭ്യത അനുസരിച്ച് പൈപ്പ് ലൈനുകൾ നീട്ടുക.<br>6. തകരാറിലായ പൈപ്പുലൈനുകൾ മാറ്റുക.<br>7. ഡൈവേർഷൻ ചാനലുകൾ മുഖേന നീരൊഴുക്കു വർദ്ധിപ്പിക്കുകയും സ്രോതസ്സുകളിലേയ്ക്ക് തിരിച്ചു വിടുകയും ചെയ്യുക.<br>8. ഇൻഫിൽട്രേഷൻ ഗ്യാലറി, കിണറുകൾ, കുളങ്ങൾ എന്നിവ വൃത്തിയാക്കുകയും, കുഴൽകിണറുകൾ ഫ്ളഷ് ചെയ്യുകയും ചെയ്യുക.<br>9. വാൽവുകൾ നിയന്ത്രിച്ചും, പമ്പിംഗ് സമയം ക്രമീകരിച്ചും നിശ്ചിത സമയം കുടിവെള്ളം നല്കുക മുതലായവ.<br>10. വരൾച്ചാ ദുരിതാശ്വാസ പ്രവർത്തനങ്ങൾ അടിയന്തിരമായി നടപ്പിലാക്കുന്നതിലേയ്ക്കായി 57 കോടി രൂപ കേരള വാട്ടർ അതോറിറ്റിയ്ക്കും 22 കോടി രൂപ ഇറിഗേഷൻ വകുപ്പിനും 13 കോടി രൂപ ഗ്രൗണ്ട് വാട്ടർ വകുപ്പിനും അനുവദിച്ച് നല്കി ഉത്തരവായിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ബി) | നിലവിൽ നടപ്പാക്കാൻ നിർദ്ദേശിക്കപ്പെട്ടിട്ടുള്ള കുടിവെള്ള പദ്ധതികൾ അടിയന്തിരമായി പൂർത്തീകരിക്കുന്നതിന് എന്തെല്ലാം നടപടി കൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ? | (ബി) | നിലവിൽ നടപ്പാക്കാൻ നിർദ്ദേശിക്കപ്പെട്ടിട്ടുള്ള കുടിവെള്ള പദ്ധതികളുടെ വിശദമായ എഞ്ചിനീയറിംഗ് റിപ്പോർട്ടുകൾ തയ്യാറാക്കി സാങ്കേതിക അനുമതികൾ സമയബന്ധിതമായി നൽകുകയും നിശ്ചിത സമയത്തിനുള്ളിൽ തന്നെ ടെൻഡർ നടപടികൾ പൂർത്തീകരിച്ച് പദ്ധതിയുടെ വിവിധ ഘട്ടങ്ങളിലെ ജോലികൾ ഏറ്റെടുക്കുന്ന കരാറുകാർക്ക് സമയബന്ധിതമായി തീർക്കുവാൻ നിർദ്ദേശങ്ങൾ നൽകുകയും ഈ പണികളുടെ പുരോഗതി വിവിധ തലങ്ങളിൽ അവലോകനം ചെയ്തു തീർപ്പാക്കുകയും ഇതു കൂടാതെ ഹെഡ് ഓഫീസ് തലത്തിൽ വീഡിയോ സംവാദത്തിലൂടെ വിലയിരുത്തി നിശ്ചിത കാലയളവിനുള്ളിൽ പൂർത്തീകരിക്കുവാനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ